# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4629

## 22-03-2018 ൽ മറുപടിക്ക്

## കോട്ടക്കൽ മണ്ഡലത്തിലെ പ്രവൃത്തികൾക്ക് കിഫ്ബി അനുമതി

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം - കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്, ഇരുമ്പിളിയം - എടയൂർ കുടിവെള്ള പദ്ധതി എന്നിവയുടെ പ്രവൃത്തികൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | 2017-18 ബജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയ കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം- കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 10.07.2017 ലെ സ.ഉ.(സാധാ) നം.942/ 2017/പൊ.മ.വ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടോ മറ്റ് വിശദാംശങ്ങളോ നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2017-18 ബജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയ ഇരുമ്പിളിയം - എടയൂർ കുടിവെള്ള പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 17.01.2018 ലെ സ.ഉ.(സാധാ)നം. 34/2018/ WRD ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ വിശദമായ പരിശോധനയെ തുടർന്ന് 21-02-2018 ൽ ടി. പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് കേരള |

| | |
|---|---|
| | വാട്ടർ അതോറിറ്റിക്ക് അയച്ചിട്ടുണ്ടെങ്കിലും ആയതിന്മേലുള്ള കേരള വാട്ടർ അതോറിറ്റിയുടെ മറുപടി റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ബന്ധപ്പെട്ട വകുപ്പുകൾ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടിയന്തിരമായി പ്രവൃത്തികൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | 24.02.2018 ലെ സ.ഉ. (കൈ) നം.69/2018/ധന ഉത്തരവിലെ മാർഗനിർദ്ദേശമനുസരിച്ച് കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച പദ്ധതികളുടെ വിശദമായ പദ്ധതി രേഖകളടക്കം കിഫ്ബിയുടെ ഓൺലൈൻ പോർട്ടലിൽ അതാത് പദ്ധതി നിർവഹണ ഏജൻസി (എസ്.പി.വി) അപ് ലോഡ് ചെയ്യേണ്ടതും ആയത് കിഫ്ബോർഡിന്റെ അംഗീകാരം ലഭ്യമാകേണ്ടതുമാണ്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികളുടെ നിർവഹണം ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. മുഖേനയാണ് നടപ്പിലാക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ**